## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 779 28.09.2011 ൽ മറുപടിക്ക്

## ഒറ്റൂർ, മണമ്പൂർ പഞ്ചായത്തുകൾക്ക് കുടിവെള്ളം നൽകുന്ന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) വർക്കല ഫേസ് III ൽ വരുന്ന ഒറ്റൂർ, മണമ്പൂർ പഞ്ചായത്തുകൾക്ക് കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതിയുടെ പ്രവർത്തനം ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കാമോ; | (എ) വർക്കല ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതി ഘട്ടം ഒന്നിന്റെ (ഒററൂർ, മണമ്പൂർ പഞ്ചായത്തുകൾക്കു വേണ്ടി) ഭാഗമായിട്ടുള്ള വെൽ കം പമ്പ് ഹൗസ്, റാ വാട്ടർ പമ്പ്, റാ വാട്ടർ പമ്പിംഗ് മെയിൻ, ജല ശുദ്ധീകരണ ശാല. ക്ലീയർ വാട്ടർ സമ്പ്, ക്ലിയർ വാട്ടർ ഗ്രാവിററി മെയിൻ, മണമ്പൂരിൽ ഉപരിതല സംഭരണിയും സമ്പും പമ്പ് ഹൗസും, ഒററൂരിൽ ഉപരിതല സംഭരണി തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. മണമ്പൂർ ഒററൂർ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള ജല വിതരണ ശൃംഖലയുടെ പണിയാണ് ഇനി ബാക്കിയുള്ളത്. ഈ പണിയുടെ എസ്റ്റിമേററ് എസ്.എൽ.എസ്.എസ്.സി 2010 ൽ അംഗീകരിച്ചു.<br>വർക്കല ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതി ഘട്ടം മൂന്നിന്റെ(ഇടവ,ഇലകമൺ പഞ്ചായത്തുകൾക്കു വേണ്ടി) ഭാഗമായിട്ടുള്ള വിവിധ നിർമ്മാണ പ്രവർത്തികളിൽ വെൽ കം പമ്പ് ഹൗസ്, റാ വാട്ടർ പമ്പ്, റാ വാട്ടർ പമ്പിംഗ് മെയിൻ, ജല ശുദ്ധീകരണ ശാല. ക്ലിയർ വാട്ടർ സമ്പ്, രഘുനാഥപുരം , ഇലകമൺ ഒ.എച്ച്. ടാങ്കുകൾ, ജലവിതരണ ശൃംഖല തുടങ്ങിയവയുടെ പണികൾ പൂർത്തിയായിട്ടുണ്ട്, ഇടവ ഉപരിതല സംഭരണിയുടെ ബാലൻസ് പണികൾ ചെയ്യുവാനുണ്ട്. ബാലൻസ് പണിയുടെ ടെണ്ടർ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധനയിലാണ്. |

| | | | |
|---|---|---|---|
| | | | രഘുനാദപുരം ഒ.എച്ച്. ടാങ്ക് മുതൽ അയിരൂർ ജംഗഷൻ വരെയുള്ള ട്രാൻസ്മിഷൻ മെയിൻ പൈപ്പ് ലൈനിൻെറ പണിയുടേയും അയിരൂർ ജംഗ്ഷനിൽ നിന്നും ഇലകമൺ ടാങ്കിലേക്കും ഇടവ ടാങ്കിലേക്കുമുള്ള ട്രാൻസ്മിഷൻ മെയിനുകളുടെ പണിയുടെയും എസ്റ്റിമേററ് എസ്.എൽ.എസ്.എസ്.സി 2010 ൽ അംഗീകരിച്ചു. |
| ബി | പ്രസ്തുത പദ്ധതിയുടെ അവസാനഘട്ടം നടത്തേണ്ട പണികൾക്ക് പ്രോജക്ട് സമർപ്പിച്ചിട്ട് രണ്ടു വർഷം കഴിഞ്ഞിട്ടും പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | ബി | പ്രസ്തുത പദ്ധതിയുടെ അവസാന ഘട്ടം നടത്തേണ്ട പണികളുടെ(ഫേസ് 1 ജല വിതരണ ശൃംഖല , ഫേസ് 3 ട്രാൻസ്മിഷൻ പണികൾ), 1210 ലക്ഷം രൂപയുടെ പദ്ധതിക്ക് 05.06.2010 ൽ കൂടിയ എസ്.എൽ.എസ്.എസ്.സി അംഗീകാരം നൽകിയിട്ടുണ്ട് |
| സി | പദ്ധതി എസ്.എൽ.ഇ.സി. പാസ്സായിട്ട് സാങ്കേതിക പരിശോധനയ്ക്കായി സി.ടി. യ്ക്ക് ഫയൽ അയച്ചിട്ട് നാളിതുവരെ സി.ടി. പരിശോധന കഴിഞ്ഞിട്ടില്ല എന്നറിയുന്നത് ശരിയാണോ എന്നറിയിക്കുമോ; | സി | തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| ഡി | ഏറെ ശുദ്ധജലക്ഷാമം നേരിടുന്ന ഈ പ്രദേശത്ത് ഗുണം ചെയ്യുന്ന പ്രസ്തുത പദ്ധതി നടത്തിപ്പിൽ ഉന്നത ഉദ്യോഗസ്ഥർ നടത്തുന്ന കൃത്യവിലോപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | ഡി | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ